നം. പ്ര.പ.ക /4600/2019/കീം–2020/റ്റി.എ4

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം
# കേരളത്തിലെ എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷ
# വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

2020–21 വർഷത്തെ കേരള എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനപരീക്ഷ ജൂലൈ 16 –ാം തീയതി രാവിലെയും ഉച്ചയ്ക്കുമായി നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികളും അവരവരുടെ **'Candidate portal'** വഴി ലോഗിൻ ചെയ്ത് ആപ്ലിക്കേഷൻ നമ്പരും, പാസ്വേഡും നൽകി അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്.

## പ്രവേശന പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

- **പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്തിട്ടുള്ള അഡ്മിറ്റ് കാർഡിൽ സൂചിപ്പിച്ചിരിക്കുന്ന സമയത്ത് അഡ്മിറ്റ് കാർഡുമായി പരീക്ഷാ ദിവസം വിദ്യാർത്ഥികൾ പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്**
- **രണ്ടര മണിക്കൂർ ദൈർഘ്യമുള്ള പരീക്ഷയായിരിക്കും നടക്കുക. പരീക്ഷ തുടങ്ങുന്നതിന് 30 മിനിറ്റ് മുൻപ് പരീക്ഷാ ഹാളിൽ പ്രവേശിക്കേണ്ടതാണ്.**
- **ഒബ്ജക്ടീവ് മാതൃകയിലുള്ള പരീക്ഷയ്ക്ക് 120 മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ ഉണ്ടാകും.**
- എൻജിനീയറിംഗ് പരീക്ഷ ജൂലൈ 16 ന് രാവിലെയും ഉച്ചയ്ക്കുമായിട്ടാണ് നടക്കുന്നത്. ഫാർമസി പരീക്ഷ ജൂലൈ 16–ന് രാവിലെ മാത്രമായിട്ടാണ് നടത്തുന്നത്. രാവിലെ നടക്കുന്ന പേപ്പർ I ഫിസിക്സ്, കെമിസ്ട്രി, വിഷയങ്ങളുടെയും ഉച്ചയ്ക്ക് നടക്കുന്ന പേപ്പർ II മാത്തമാറ്റിക്സ് വിഷയത്തിന്റേതുമാണ്.
- **പരീക്ഷയ്ക്കെത്തുന്ന വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ (ആധാർ/വോട്ടർ ഐഡി/ഡ്രൈവിങ് ലൈസൻസ്/പാൻ കാർഡ് എന്നിവയിലേതെങ്കിലും) കൊണ്ടുവരേണ്ടതാണ്.**
- **കാൽക്കുലേറ്റർ, മൊബൈൽ ഫോൺ, സ്മാർട്ട് വാച്ച് തുടങ്ങിയ ഇലക്ട്രോണിക്ക് ഉപകരണങ്ങൾ കൈവശം വയ്ക്കാൻ പാടില്ല. ഓരോ പരീക്ഷയുടെയും സമയം അവസാനിക്കുന്നതിന് മുമ്പ് വിദ്യാർത്ഥികളെ പുറത്തുപോകാൻ അനുവദിക്കുന്നതല്ല.**
- കോവിഡ് 19 ന്റെ വ്യാപനം തടയുന്നതിന് സർക്കാർ പുറപ്പെടുവിച്ച എല്ലാ മാനദണ്ഡങ്ങളും സുരക്ഷാ ക്രമീകരണങ്ങളും പ്രവേശന പരീക്ഷാ നടത്തിപ്പിലും ബാധകമായിരിക്കും. പരീക്ഷയ്ക്കെത്തുന്ന എല്ലാ വിദ്യാർത്ഥികളും/രക്ഷിതാക്കളും സർക്കാർ, ആരോഗ്യ വകുപ്പ് പുറത്തിറക്കിയ സുരക്ഷാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
- പരീക്ഷാ കേന്ദ്രത്തിലെത്തുന്ന വിദ്യാർത്ഥികൾ സാമൂഹിക അകലം പാലിക്കേണ്ടതും, മാസ്ക് ധരിക്കേണ്ടതും, കൂടാതെ തെർമൽ സ്കാനിംഗിന് നിർബന്ധമായും വിധേയമാകേണ്ടതുമാണ്.
- രോഗലക്ഷണങ്ങൾ കാണിക്കുന്നവരോ തെർമൽ സ്കാനിങ്ങിൽ ഉയർന്ന താപനില കാണിക്കുന്നവരോ ചിഫ് സൂപ്രണ്ടിന്റെ നിർദ്ദേശം പാലിച്ച് സുരക്ഷാമാനദണ്ഡ പ്രകാരം പരീക്ഷ എഴുതാൻ സന്നദ്ധരാകേണ്ടതാണ്.

- രക്ഷിതാക്കൾപരീക്ഷ നടക്കുന്ന കെട്ടിടത്തിലേയ്ക്ക് പ്രവേശിക്കാൻ പാടുള്ളതല്ല.
- പരീക്ഷാഹാളിനു പുറത്ത് സാമൂഹിക അകലം പാലിക്കുന്നതിന് രക്ഷാകർത്താക്കൾ കൂടി സഹകരിക്കേണ്ടതാണ്. ഒരു കവാടത്തിലൂടെ മാത്രമേ പരീക്ഷാ കേന്ദ്രത്തിലേയ്ക്ക് പ്രവേശനം അനുവദിക്കുകയുള്ളൂ. ഇവർ പരീക്ഷ പൂർത്തിയാക്കി തിരികെ പോകുമ്പോഴും അധികൃതരുടെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
- വിദ്യാർത്ഥികൾ അവശ്യം വേണ്ട സാമഗ്രികൾ (പേന, വെള്ളം, ഉച്ച ഭക്ഷണം) എന്നിവ കൈയ്യിൽ കരുതേണ്ടതും യാതൊരു കാരണവശാലും അവ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്.
- പരീക്ഷാ ഹാളിൽ ഇൻവിജിലേറ്റർമാരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
- പരീക്ഷയുടെ ഇടവേളയിൽ വിദ്യാർത്ഥികൾ കൂട്ടം കൂടുന്നതിനോ മറ്റു കുട്ടികളുമായി സമ്പർക്കത്തിലേർപ്പെടാനോ പാടുള്ളതല്ല. വിദ്യാർത്ഥികൾ സാമൂഹിക അകലം നിർബന്ധമായും പാലിക്കേണ്ടതാണ്.
- പരീക്ഷാ ഹാളിൽ പ്രവേശിക്കുന്ന വിദ്യാർത്ഥികൾ പരീക്ഷയ്ക്കായി അനുവദിച്ചിരിക്കുന്ന ഇരിപ്പിടത്തിൽ മാത്രമേ ഇരിക്കാൻ പാടുള്ളു. പരീക്ഷാ ഹാളിൽ സാമൂഹിക അകലം പാലിക്കേണ്ടതും ഹാളിന്റെ മറ്റ് ഭാഗങ്ങളിലേയ്ക്ക് സഞ്ചരിക്കാൻ പാടില്ലാത്തതുമാണ്.
- വിദ്യാർത്ഥികൾ പരീക്ഷയ്ക്കായി അഡ്മിറ്റ് കാർഡിൽ സൂചിപ്പിച്ച റിപ്പോർട്ടിംഗ് സമയത്തു തന്നെ കേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്. പരീക്ഷ കേന്ദ്രത്തിൽ സമയത്തിന് വളരെ മുമ്പ് ഹാജരാകുകയോ കൂട്ടം കൂടി നിൽക്കാനുള്ള സാഹചര്യം ഉണ്ടാകാനോ പാടുള്ളതല്ല.
- അന്യസംസ്ഥാനത്തു നിന്നുള്ള വിദ്യാർത്ഥികൾ/ക്വാറന്റൈനിൽ നിന്നുമുള്ള വിദ്യാർത്ഥികൾ, രോഗ ലക്ഷണമുള്ള വിദ്യാർത്ഥികൾ എന്നിവർ നിശ്ചിത സമയത്ത് സ്വന്തമായി ഏർപ്പാട് ചെയ്തിട്ടുള്ള വാഹനത്തിൽ മാത്രം പരീക്ഷാ കേന്ദ്രത്തിൽ എത്തേണ്ടതും, ഇവരും രക്ഷിതാക്കളും മറ്റുള്ളവരിൽ നിന്ന് അകലം പാലിക്കുകയും, പരീക്ഷാ കേന്ദ്രത്തിലെ ബന്ധപ്പെട്ട അധികാരികൾക്ക് മുൻകൂർ അറിയിപ്പ് നൽകുകയും ചെയ്യേണ്ടതുമാണ്.
- അന്യസംസ്ഥാനത്തു നിന്നുള്ള വിദ്യാർത്ഥികൾ/ക്വാറന്റൈനിൽ നിന്നുമുള്ള വിദ്യാർത്ഥികൾ, രോഗ ലക്ഷണമുള്ള വിദ്യാർത്ഥികളും അവർക്ക് അനുവദിച്ചിരിക്കുന്ന മുറിയിൽ കർശന നിയന്ത്രണങ്ങൾക്ക് വിധേയമായി പരീക്ഷ അഭിമുഖീകരിക്കേണ്ടതാണ്. കോവിഡ്–19 മാർഗ നിർദ്ദേശങ്ങൾക്കൊപ്പം പൊതുനിർദ്ദേശങ്ങളും ഇവർ പാലിക്കേണ്ടതാണ്.
- ഉപയോഗശേഷമുള്ള മാസ്ക്, കൈയുറകൾ എന്നിവ വലിച്ചെറിയാതെ അതിനായി സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ നിക്ഷേപിക്കേണ്ടതാണ്. പരീക്ഷാ കേന്ദ്രത്തിലേക്ക് പുറപ്പെടുന്നത് മുതലുള്ള സമയദൈർഘ്യമനുസരിച്ച് ഒന്നിലധികം മാസ്ക് വേണ്ടവർ കൈയിൽ കരുതേണ്ടതാണ്.
- പരീക്ഷയുമായി ബന്ധപ്പെട്ട് സഹായം ആവശ്യമായി വരുന്ന വിദ്യാർത്ഥികൾക്ക് ഓരോ ജില്ലയിലെയും ലെയ്സൺ ഓഫീസർമാരുടെ ഫോൺ നമ്പർ അവരവരുടെ അഡ്മിറ്റ് കാർഡിൽ ലഭ്യമാക്കുന്നതായിരിക്കും.

ഹെൽപ് ലൈൻ നം: 0471 2525300

Geetha

തിരുവനന്തപുരം
07.07.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**